പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.2851

18/06/2018 -ൽ മറുപടിക്ക്

## ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ.സുരേഷ് കുറുപ്പ്<br>ശ്രീ. ജോർജ് എം തോമസ്<br>ശ്രീ. ഐ.ബി.സതീഷ്<br>ശ്രീ. യു.ആർ. പ്രദീപ് | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(ഉന്നത.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | (എ) സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്തെ സർവ്വകലാശാലകളെ അന്താരാഷ്ട്ര തലത്തിൽ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള ഒരു കർമ്മ പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. അന്താരാഷ്ട്ര നിലവാരത്തിലുള്ള ലാബ്, ലൈബ്രറിയുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയ്ക്ക് 240 കോടി രൂപയുടെ പദ്ധതിക്കുള്ള ഭരണാനുമതി നൽകിക്കഴിഞ്ഞു. മഹാത്മാഗാന്ധി, കാലിക്കറ്റ് സർവ്വകലാശാലകളുടെ വിശദമായ പദ്ധതി രേഖകൾ സർക്കാർ പരിശോധിച്ച് വരുന്നു. ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി, എറുഡൈറ്റ് പദ്ധതി, ക്ലസ്റ്റർ കോളേജ് പദ്ധതി, ഔട്ട് കം ബേസ്ഡ് എഡ്യുക്കേഷൻ & ഗ്രാജേറ്റ് ആട്രിബ്യൂഡ്സ്, പ്രബുദ്ധത, ധൈഷണിക പര്യാവരൺ, അക്കാദമിക് വോളന്റിയർ ബാങ്ക് മുതലായ പദ്ധതികളും ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനായി സംസ്ഥാനത്ത് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ഉന്നത വിദ്യാഭ്യാസ പദ്ധതികൾ തയ്യാറാക്കുന്നതിനും അവയുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനും വിശകലനം ചെയ്യുന്നതിനും ഉന്നത വിദ്യാഭ്യാസ രംഗത്ത് സാമൂഹ്യ നീതി, ഗുണമേന്മ എന്നിവ ഉറപ്പാക്കുന്നതിനും എന്തെല്ലാം പരിപാടികളാണ് ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആവിഷ്കരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ ; | (ബി) | ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗുണമേന്മ, സാമൂഹ്യനീതി, തുല്യത എന്നിവ ഉറപ്പാക്കാൻ പര്യാപ്തമായ വിവിധ പദ്ധതികളും പ്രവർത്തനങ്ങളുമാണ് ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. കൂടാതെ സർക്കാരിനും, സർവ്വകലാശാലകൾക്കും നയപരമായ കാര്യങ്ങളിൽ ഉപദേശം നൽകുക എന്നതും; സർവ്വകലാശാലകളുടെ പ്രവർത്തനം ഏകോപിപ്പിക്കലും കൗൺസിലിന്റെ ഉത്തരവാദിത്തങ്ങളാണ്. |
| (സി) | ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദവും കാര്യക്ഷമവുമാക്കുന്നതിനായി കൗൺസിൽ പുന:സംഘടിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ ? | (സി) | 2016 നവംബറിൽ ഉന്നത വിദ്യാഭ്യാസ കൗൺസിലിനായി നിയോഗിച്ച ഡോ.രാജൻ ഗുരുക്കൾ കമ്മീഷന്റെ ശുപാർശകൾക്കനുസൃതമായി, 2007ലെ ഉന്നതവിദ്യാഭ്യാസ കൗൺസിൽ ആക്ടിൽ ഭേദഗതികൾ വരുത്തിക്കൊണ്ട് കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ അമെൻറ്മെന്റ് ഓർഡിനൻസ് പുറപ്പെടുവിക്കുകയും, തുടർന്ന് 2017 നവംബറിൽ ഡോ.രാജൻ ഗുരുക്കളുടെ ഉപാദ്ധ്യക്ഷതയിൽ ഉന്നത വിദ്യാഭ്യാസ കൗൺസിൽ പുന:സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ